നം.EL1 – 198546/19.

കളക്ടറേറ്റ്, തൃശ്ശൂർ,
പി.ഒ.അയ്യന്തോൾ, പിൻ:680 003.
ഫോൺ നം.0487 2361063.
ഇമെയിൽ: edctsr@gmail.com
തീയതി: 05/12/2019.

പ്രേഷകൻ

ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

സ്വീകർത്താവ്

1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ, തൃശ്ശൂർ.
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ.
4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് വൊക്കേഷണൽ ഹയർ സെക്കന്ററി, തൃശ്ശൂർ.

സർ,

വിഷയം:- SVEEP – 2020ലെ ദേശീയ സമ്മതിദായക ദിനത്തോടനു ബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി കത്തെഴുത്ത് മത്സരം നടത്തുന്നത് സംബന്ധിച്ച്.

സൂചന:- ചീഫ് ഇലക്ടറൽ ഓഫീസറുടെ 04/12/2019 തീയതിയിലെ 8808/EE2/19/Elec. നമ്പർ സർക്കാർ കത്ത്.

~~~ ~~~ ~~~

2020ലെ ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ എയിഡഡ്, അംഗീകൃത സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി "രാജ്യത്തെ ഓരോ പൗരനും സമ്മതിദായവകാശം രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം" എന്ന വിഷയത്തിൽ ജില്ലാതലത്തിൽ കത്തെഴുത്ത് മത്സരം 2020 ജനുവരി 1-ാം തീയതി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ജില്ലാതലത്തിലെ വിജയികൾക്ക് 2020 ജനുവരി 20ന് തിരുവനന്തപുരത്ത് വെച്ച് സംസ്ഥാനതല മത്സരം നടത്തുന്നതാണ്. പ്രസ്തുത മത്സരത്തിലെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും ഫലകവും സമ്മാനിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന രണ്ട് കുട്ടികളുടെ പേര് സ്കൂളിലെ പ്രധാന അധ്യാപകൻ 2019 ഡിസംബർ 15-ാം തീയതിയ്ക്ക് മുമ്പായി ജില്ലാ ഇലക്ഷൻ വിഭാഗത്തിൽ പേരുകൾ നേരിട്ടോ, ഇ-മെയിൽ, ഫോൺ മുഖേനയൊ രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

COLLECTORATE THRISSUR

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് (ഇലക്ഷൻ).
~~~

നം.EL1 – 198546/19.

**2020ലെ ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി കത്തെഴുത്ത് മത്സരം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

1. സംസ്ഥാനത്തെ വിവിധ സർക്കാർ, സർക്കാർ എയിഡഡ്, അംഗീകൃത സ്വകാര്യ സ്കൂളുകളിലെ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ജില്ലാതല കത്തെഴുത്ത് മത്സരം 2020 ജനുവരി 1-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിമുതൽ 11.30വരെയുള്ള സമയത്ത് സംസ്ഥാനത്തെ 14 ജില്ലകളിലേയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.
2. മത്സരത്തിൽ പങ്കെടുക്കുന്ന രണ്ടു വിദ്യാർത്ഥികളുടെ പേര് സ്കൂളിലെ പ്രധാന അദ്ധ്യാപകൻ 2019 ഡിസംബർ 15ന് മുമ്പായി കളക്ടറേറ്റ് ഇലക്ഷൻ വിഭാഗത്തിൽ നേരിട്ടോ, ഫോൺ മുഖാന്തിരമൊ, ഇമെയിൽ വഴിയോ, രജിസ്റ്റർ ചെയ്യേണ്ടതാണ്.
3. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ രക്ഷാകർത്താവിന്റെയൊ, സുഹൃത്തിന്റെയൊ, ബന്ധുവിന്റെയൊ മേൽവിലാസമെഴുതിയ ഒരു പോസ്റ്റൽ ഇൻലാൻഡും എഴുതുന്നതിനുള്ള പേനയും കൊണ്ടുവരേണ്ടതാണ്.

   [അരമണിക്കൂറാണ് മത്സര സമയം. ഒരു പോസ്റ്റൻ ഇൻലാൻഡിന്റെ പരിധിയിൽ 200 വാക്കിൽ കൂടാത്ത തരത്തിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് നൽകുന്ന തൽസമയ വിഷയത്തിൽ വിദ്യാർത്ഥികൾ കത്ത് തയ്യാറാക്കേണ്ടതാണ്].

ഒപ്പ്
ചെയർമാൻ, ലിറ്ററസി ക്ലബ് &
ജില്ലാ കളക്ടർ, തൃശ്ശൂർ.

കളക്ടറേറ്റ്, തൃശ്ശൂർ,.
തീയതി: 05/12/2019.

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് (ഇലക്ഷൻ).

COLLECTORATE THRISSUR